നമ്പർ: സി.3/20381/ടി.സി./08

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,കേരള,
തിരുവനന്തപുരം. തീയതി:24/11/2008

പ്രേഷകൻ:

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം

സ്വീകർത്താവ്:

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം: മോട്ടോർ വാഹനവകുപ്പ്-- വികലാംഗരുടെ യാത്രാ കൺസഷൻ--വിശദീകരണം നൽകുന്നത് സംബന്ധിച്ച്

സൂചന: 1) സർക്കാർ ഉത്തരവ് നമ്പർ: ജി.ഓ.(പി) നമ്പർ:1/87/പിഡബ്ല്യു ആൻറ് റ്റി തീയതി5/1/87
2) 666/08/എസ് 7/എസ്.സി.പി.ഡബ്ല്യു ഡി നമ്പറായി 28/10/2008ലെ വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ കത്ത്.

മേൽ സൂചന ഒന്ന് പ്രകാരം 50%ൽ കുറയാത്ത അംഗവൈകല്യം ഉള്ള വികലാംഗർക്ക് പ്രൈവറ്റ് ബസുകളിൽ പരമാവധി 40 കിലോമീറ്റർ ദൂരം വരെ യാത്ര ചെയ്യുന്നതിന് യാത്രാകൂലിയുടെ 70% ഇളവ് അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ നൽകുന്ന യാത്രാ സൗജന്യം മിനിമം ചാർജ്ജിനും ബാധകമാണ് എന്നാൽ പല പ്രൈവറ്റ് ബസുകളിലും വികലാംഗർക്ക് മിനിമം ചാർജ്ജിന് സൗജന്യം അനുവദിക്കുന്നില്ലായെന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ആയതിനാൽ എല്ലാ പ്രൈവറ്റ് ബസുകളിലും വികലാംഗർക്ക് നൽകുന്നയാത്രാകൂലിയുടെ 70% സൗജന്യം, മിനിമം ചാർജ്ജിനും ബാധകമാകുന്നുവെന്ന് എല്ലാ ആർ.ടി.ഓ/ജോയിൻറ് ആർ.ടി.ഓ മാരും ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരത്തിലുള്ള നിർദ്ദേശം പ്രൈവറ്റ് ബസ് മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകൾക്കും മറ്റും നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്,
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
& സെക്രട്ടറി, എസ്.ടി.എ.
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി.

പകർപ്പ്: വികലാംഗർക്കുള്ള സംസ്ഥാനകമ്മീഷണർ,
സംസ്ഥാന കമ്മീഷണറേറ്റ്.

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്